LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കളക്ടർമാരുടെ കൂട്ടസ്ഥലംമാറ്റം

141 (2166) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലെ കളക്ടർമാരെയാണ് ജനുവരി മാസത്തിൽ മാറ്റി നിയമിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്രയധികം ജില്ലകളിലെ കളക്ടർമാരെ ഒരുമിച്ച് മാറ്റുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) പൊതു തെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്ന സമയത്ത് ഇത്തരത്തിൽ ജില്ലാ കളക്ടർമാരുടെ കൂട്ടസ്ഥലംമാറ്റം നടത്തുന്നതിന് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം തേടിയിരുന്നുവോ ?

ഉത്തരം

(എ) കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, ഇടുക്കി, കണ്ണൂർ, കാസർഗോട്.

(ബി) ഭരണപരമായ കാരണങ്ങൾ പരിഗണിച്ച് മന്ത്രിസഭയുടെ തീരുമാനപ്രകാരമാണ് സ്ഥലംമാറ്റം നടത്തിയത്.

(സി) തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലില്ലാത്തതിനാൽ സ്ഥലം മാറ്റത്തിന് ഇലക്ഷൻ കമ്മീഷന്റെ അംഗീകാരം തേടേണ്ട സാഹചര്യമുണ്ടായിരുന്നില്ല.

മട്ടാഞ്ചേരി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വെ

142 (2167) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടാഞ്ചേരി മണ്ഡലത്തിലെ വില്ലേജുകളിൽ റീസർവ്വെ ജോലി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റീസർവ്വെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ നാളിതുവരെ എത്ര പരാതിക്ക് പരിഹാരം കണ്ടിട്ടുണ്ട് ; ബാക്കിയുള്ളവ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?